(സി) 25 രൂപ ടിക്കറ്റ് നിരക്ക് മുതൽ യാത്ര ചെയ്യുന്ന യാത്രികരിൽനിന്നും സെസ് ഇനത്തിൽ ഈടാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) എല്ലാ കെ.എസ്.ആർ.ടി.സി. യാത്രക്കാർക്കും സെസിന്റെ ഭാഗമായുള്ള ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകുന്നതാണ്.

റോഡ് സേഫ്റ്റി ഫണ്ട്

316 (3950) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് നിലവിൽ ചെയ്തുവരുന്ന പ്രവൃത്തികൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത ഇനത്തിൽ പ്രതിവർഷം ശരാശരി ചെലവഴിക്കുന്ന തുകയുടെ വിശദാംശങ്ങൾ നല്കുമോ ;

(സി) പ്രസ്തുത ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള പ്രവൃത്തികളുടെ മോണിറ്ററിംഗ് എപ്രകാരമാണ് നിർവ്വഹിക്കുന്നത്; വ്യക്തമാക്കുമോ ;

(ഡി) റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള പ്രവൃത്തികളുടെ ഫലപ്രദമായ നിർവ്വഹണത്തിന് ജനപ്രതിനിധികളുടെ സഹകരണം ഉറപ്പുവരുത്തുന്ന വിധത്തിൽ മോണിറ്ററിംഗ് സംവിധാനത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1. റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് റോഡ് സുരക്ഷയ്ക്കായി ഒരു ദശകം എന്ന പരിപാടിയുടെ ഭാഗമായി നടത്തുന്ന റോഡ് സുരക്ഷാ ബോധവൽക്കരണ പരിശീലനങ്ങൾ, പുസ്തകങ്ങൾ, ലീഫ്ലെറ്റുകൾ മറ്റു സാമഗ്രികൾ എന്നിവയുടെ അച്ചടിയും വിതരണവും പരസ്യ പ്രചാരണങ്ങൾ എന്നീ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

2. കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ സാമ്പത്തിക സഹകരണത്തോടെ മണ്ണുത്തി മുതൽ കാസർഗോഡ്വരെ ക്യാമറ നിരീക്ഷണ സംവിധാനം സ്ഥാപിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

3. റോഡ്സുരക്ഷാ ഉപകരണങ്ങളായ ബാറ്റൺ, ജാക്കറ്റ്, കോൺ, ആൽക്കോമീറ്റർ തുടങ്ങിയവ വാങ്ങിയിട്ടുണ്ട്. ഇവയെല്ലാം റോഡ് സേഫ്റ്റി അതോറിറ്റിയുടെ അനുമതിയോടെ നടപ്പാക്കിയവയാണ്.

4. റോഡ് സുരക്ഷാ ഫണ്ടിൽനിന്ന് പോലീസ് വകുപ്പിന് സ്റ്റുഡൻസ് പോലീസ് പരിപാടിക്കും റോഡ് സുരക്ഷാ ബോധവൽക്കരണത്തിനും, റോഡുകളിൽ അപകട നിവാരണത്തിന് റിഫ്ളക്ടർ, സൈൻ ബോർഡുകൾ, റോഡ് സൈഡിന് ബാരിക്കേഡുകൾ, ബസ് ബേ എന്നിവ നിർമ്മിക്കുന്നതിനുള്ള തുകകൾ അനുവദിക്കാറുണ്ട്.

(ബി) റോഡ് സേഫ്റ്റി ഫണ്ടിന്റെ ചെലവിനെ സംബന്ധിച്ചുള്ള നാളിതു വരെയുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) വിവിധ വകുപ്പുകൾ സമർപ്പിക്കുന്ന റോഡു സുരക്ഷയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പരിശോധിച്ച് ഉചിതമായവ അംഗീകരിച്ച് അവ നടപ്പാക്കാനുള്ള ഫണ്ട് നൽകുകയാണ് അതോറിറ്റി ചെയ്യുന്നത്. ഈ പദ്ധതികൾ നടപ്പിലാക്കുന്നത് അതാത് വകുപ്പുകളും ജില്ലാ റോഡ് സേഫ്റ്റി കൗൺസിലുമാണ്. അതോറിറ്റി നൽകിയ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് ഓഡിറ്റ് നടത്തുന്നതിനായി ഇന്റേണൽ ഓഡിറ്ററെ അതോറിറ്റി ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി സംവിധാനം പര്യാപ്തമാണ്.

ബാണാസുര ഡാമിലേയ്ക്ക് സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്

317 (3951) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നിന്ന് പടിഞ്ഞാറത്തറ ബാണാസുര ഡാമിലേക്ക് സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി ബസ്സ് മൊതക്കര വരെ നീട്ടുന്നതു സംബന്ധിച്ച സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത സാദ്ധ്യതാ പഠനത്തിൽ കണ്ടെത്തിയിട്ടുള്ള പ്രധാന നിഗമനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) ഇതുമൂലം പ്രസ്തുത സർവ്വീസ് കൂടുതൽ ലാഭകരമാക്കാമെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly